ആമുഖം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായ 2026-27 വാർഷിക പദ്ധതിയുടെ രൂപീകരണ വേളയിലാണ് നമ്മള് ഉള്ളത്. പഞ്ചവത്സര പദ്ധതി കാലയളവിൽ വിജ്ഞാന സമ്പദ്ഘടനയെ കേന്ദ്രീകരിച്ചുള്ള പ്രാദേശിക സാമ്പത്തിക വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ പദ്ധതി കാലയളവിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ബ്ലോക്ക് ഇന്നൊവേഷൻ ക്ലസ്റ്ററിലൂടെ അതിന് കൂടുതല് വേഗതയും കരുത്തും പകരാൻ 2025-26 ല് നമുക്ക് സാധിച്ചിട്ടുണ്ട്. ആയത് 2026-27 ലും തുടരുന്നതാണ്. നമ്മുടെ നാടിൻറെ തനത് പൈതൃക-സാംസ്കാരിക-ടൂറിസം മേഖലയുടെ വികാസത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യം വയ്ക്കുന്ന പദ്ധതികളും ഈ സാമ്പത്തിക വർഷം നമുക്ക് ആവശ്യമാണ്.

ഹാപ്പിനസ് ഇൻറക്സിനെ അടിസ്ഥാനമാക്കി വികസന സങ്കൽപ്പങ്ങൾ ആവിഷ്കരിക്കുന്ന ആധുനിക ലോകത്ത് നമ്മുടെ ബ്ലോക്ക് പഞ്ചായത്തിലും അത്തരം ഉത്സവ സമാനമായ പദ്ധതികൾ ഉണ്ടാകേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്തിലേയും തനത് കലാ-കായിക ഇനങ്ങളെ പരിപോഷിപ്പിക്കുന്നതിന് സാദ്ധ്യമാകുന്ന വിധത്തില് സീസണൽ ഫെസ്റ്റിവലുകൾ സംഘടിപ്പിക്കാവുന്നതാണ്.

പുതിയ ഭരണ സമിതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പരിണിത പ്രജ്ഞരായ ആസൂത്രണ സമിതി അംഗങ്ങളും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന വലിയൊരു ടീമിൻറെ പിന്തുണ ഉണ്ടാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. 2026-27 വാർഷിക പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ഏവരുടേയും പിന്തുണ അഭ്യർത്ഥിച്ചുകൊള്ളുന്നു.

സസ്നേഹം,

കെ.കെ.ജോയി

പ്രസിഡണ്ട്,പയ്യന്നൂർബ്ലോക്ക് പഞ്ചായത്ത്.

പയ്യന്നൂർ
10.02.2026

ഉപസംഹാരം

വിഭവ സ്രോതസ്സുകളുടെ പരിമിതിയും ആവശ്യങ്ങളുടെ ആധിക്യവുമാണ് വാർഷിക പദ്ധതി രൂപീകരണത്തിൽ നാം നേരിടുന്ന വെല്ലുവിളി. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അഞ്ചാമത്തേതും ആവസാനത്തേതുമായ വർഷമായ 2026-27 വാർഷിക പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടായ പിന്തുണയും പങ്കാളിത്തവും ഞങ്ങൾക്ക് ഏറെ പ്രചോദനം നൽകിയിട്ടുണ്ട്. വികസന സെമിനാറിലേക്ക് സമർപ്പിക്കപ്പെട്ട കരട് പദ്ധതി നിർദ്ദേശങ്ങള് കൂടുതല് ചർച്ചകൾക്കും വിശകലനത്തിനും വിധേയമാക്കി ലഭ്യമായ വിഭവങ്ങൾക്ക് അനുസരിച്ച് കുറ്റമറ്റ പദ്ധതി രൂപീകരണത്തിലേക്ക് നയിക്കാന് വികസന സെമിനാറില് പങ്കെടുക്കുന്ന ബഹുമാന്യരായ അംഗങ്ങൾക്ക് സാധിക്കും എന്ന് ഞങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ട്. പദ്ധതി രൂപീകരണത്തിലും തുടർന്ന് നിർവ്വഹണ ഘട്ടങ്ങളിലും ഏവരുടേയും പങ്കാളിത്തം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം

കെ.മോഹനൻ
സെക്രട്ടറി,പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്